<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>മതസ്പർധയ്ക്കും ജാതിവിവേചനത്തിനുമെതിരെ അവബോധം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മതസ്പർധയും ജാതി വിവേചനവും ഉയർന്ന് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അവസാനിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാളം മിഷൻ പാഠ്യപദ്ധതി പ്രകാരമുള്ള വിവിധ പാഠഭാഗങ്ങളിൽ മതസ്പർധയും ജാതി വിവേചനത്തിനും എതിരെയുള്ള അവബോധം കുട്ടികളിൽ വളർത്തുന്നതിന് പാഠ്യവിഷയമായി നവോത്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജാതി വിവേചനവും മതസ്പർധയും ശാശ്വതമായി അവസാനിപ്പിക്കുന്നതിനായി കേരള സാഹിത്യ അക്കാദമി പൊതുവിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി- ദുരവസ്ഥ കൃതികളുടെ ശതാബ്ദി വ്യാപകമായി ആഘോഷിച്ചു വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിവേചന രഹിതമായി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br><br>കൂടാതെ സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത ആയതിനാലും സാമൂഹിക തിന്മകളെ പ്രതിരോധിക്കുന്നതിനുള്ള ഇത്തരം മനോഭാവം രൂപപ്പെടേണ്ടത് ശൈശവകാലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലായതിനാലും വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | മതസ്പർധയ്ക്കും ജാതിവിവേചനത്തിനുമെതിരെ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാളം മിഷൻ പാഠ്യപദ്ധതി പ്രകാരമുള്ള വിവിധ പാഠഭാഗങ്ങളിൽ മതസ്പർധയും ജാതി വിവേചനത്തിനും എതിരെയുള്ള അവബോധം കുട്ടികളിൽ വളർത്തുന്നതിന് പാഠ്യവിഷയമായി നവോത്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജാതി വിവേചനവും മതസ്പർധയും ശാശ്വതമായി അവസാനിപ്പിക്കുന്നതിനായി കേരള സാഹിത്യ |

| | | | |
|---|---|---|---|
| | | | അക്കാദമി പൊതുവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി- ദുരവസ്ഥ കൃതികളുടെ ശതാബ്ദി വ്യാപകമായി ആഘോഷിച്ച് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിവേചന രഹിതമായി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br><br>കൂടാതെ സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത ആയതിനാലും സാമൂഹിക തിന്മകളെ പ്രതിരോധിക്കുന്നതിനുള്ള ഇത്തരം മനോഭാവം രൂപപ്പെടേണ്ടത് ശൈശവകാലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലായതിനാലും വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ